# PETALS
## of Malankara



Malankara Credit Society aims to provide one crore tree saplings as part of ***Green Kerala*** initiative

**739+** Crore Business

**80070+** Happy Members

**21480+** Depositors

**64050+** Loanees

Vol:30 | Issue : June 2024

PETALS of Malankara

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223

(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Group

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
Chairman

**Editorial Board**

**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Members**

**Jose ML**
**Christo Johny**
**Aiswarya Sanesh**
**Printo CJ**
**Andrino TD**
**Vishnu Prakash**

**Design & Layout**
**Domson Simon**

## Objectives:

TO

- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence





Dear Members and Colleagues,

As we approach another milestone in the journey of Malankara Credit Society, I am filled with immense pride and gratitude for the remarkable progress we have made together. Our commitment to excellence, innovation, and community support has consistently driven us to new heights in the finance and social sector.

Over the past years, we have navigated through various challenges, emerging stronger and more resilient. Our collective efforts have not only strengthened our financial stability but also enhanced the trust and loyalty of our members. I am pleased to share some of our key achievements and future aspirations with you.

India's GDP has been steadily growing, making it one of the fastest-growing major economies in the world. This robust economic growth presents a favorable environment for expanding our business operations. The increasing consumer demand and rising living standards gives us significant market opportunities for our financial products and services. Additionally, the government's supportive policies and reforms aimed at fostering business development further enhances our prospects. Capitalizing on these trends will enable us to achieve sustained growth and contribute to the nation's economic progress.

At Malankara Credit Society, employee welfare is a top priority, as we believe that our success is deeply rooted in the well-being of our team. We are committed to providing a supportive and inclusive work environment that fosters professional growth and personal development. Our comprehensive welfare programs include health and wellness initiatives, continuous learning opportunities, and work-life balance support. By investing in our employees' welfare, we ensure a motivated, engaged, and productive workforce dedicated to delivering exceptional service to our members. Together, we create a workplace where everyone can thrive and contribute to our shared goals.

Over the past year, Malankara Credit Society has achieved significant growth in memberships, deposits and loans, and starting new branches showcasing our robust financial performance. We bagged the Best Lead Generation Initiative Award in India. At the award conference organized by Frontiers in Cooperative Banking and National Federation of Urban Cooperative Banks and Credit Societies Limited in Goa, our Hon. Chairman Shri Jisso Baby received the award from Mr Subhash Shirodkar , Cooperative and Water Resources Development Minister Goa State . Our technological advancements, including user-friendly digital platforms, have greatly enhanced convenience and security to our members. More and more technological enhancements are in pipeline.Additionally, our impactful community engagement initiatives in social work, healthcare, and sustainability reflect our dedication to social responsibility and improving lives.

Looking ahead, Malankara Credit Society is committed to becoming a beacon of innovation and excellence in the financial sector. Our future aspirations include expanding our range of services to better and meeting the evolving needs of our members, embracing cutting-edge technology to enhance efficiency and security. We aim to deepen our community engagement efforts, ensuring our growth benefitting the society as well. Strengthening our risk management framework will remain a priority to safeguard our members' interests and maintain stability. Ultimately, we strive to foster a culture of continuous improvement, empowering our team to achieve their full potential and drive our collective success.

In conclusion, I extend my heartfelt thanks to our members, employees, and partners for their unwavering support and trust in Malankara Credit Society. Together, we will continue to achieve great things and build a prosperous future for all.

Warm regards,

**Vincy Louis**
Chief Executive Officer
Malankara Credit Society



N. K. SURENDRAN
KASARAGOD

# അന്ത്യം

പാടിയകന്നു പോയ് പാരിലനേകം
പരിശുദ്ധ ഹൃദയത്തിനുടമകൾ
പാരിതിലിന്നും പിരിയാതെ നിൽക്കുന്നു
പാവനമല്ലാത്ത ഹൃദയങ്ങൾ

കത്തിജ്വലിച്ചൊരു വ്യക്തിപ്രഭാവം
പൊട്ടിത്തകർന്നു പോയല്ലോ
ഞെട്ടറ്റു വീണൊരു പൂവിനിയെത്ര
സുഗന്ധം പരത്താൻ കഴിയും

അന്ത്യം കഴിഞ്ഞെന്നറിയുന്ന നേരം
ജനം കർമം പരിശോധിച്ചു
നർമ്മമായെങ്കിലും  ചൊല്ലിചിലർ
നല്ലവനായിരുന്നു നല്ലത് ചെയ്തിരുന്നു

കണ്ണടയാൻ കാത്തു നിന്ന ചിലർ
കണ്ണീരില്ലാതെ കൺ തുടച്ചു
പാഴ്സ്തുതി മീട്ടി പാടീ ചിലർ
കരുണ കാണിച്ചു തേങ്ങി നിന്നു



മണ്ണി നില്ലലോ വകതിരിവിവിടെ
എല്ലാം മണ്ണോട് ചേർന്നിരുന്നു
മോഹമെന്നുള്ളൊരു ചക്രമല്ലോ
മത്ത്യരെ മോഹവലയത്തിൽ നിർത്തിടുന്നു

ആണ്ടുകളോരോന്ന് കഴിയുന്നനേരം
ആരെങ്കിലുമൊന്നോർത്തിടുന്നു
ആണ്ടുകൾ പിന്നെയും കഴിയുന്നനേരം
ആളുകളെല്ലാം മറന്നിടുന്നു.



LISSY THOMAS KOCHERIL
PERUMBAVOOR

# പ്രണയമഴ

പ്രണയിനിയാണെൻ മഴ
കണ്ണു കണ്ണു നോക്കിയിരുന്ന്
മിഴിയണകൾ പുണരുമ്പോൾ
കളിത്തോഴിയായെൻ മഴയെത്തുന്നു
കാർമുകിൽ വർണ്ണങ്ങൾ താളം പിടിക്കുമ്പോൾ
മനതാരിൽ ആനന്ദത്തിൻ തില്ലാന പാടുന്നു.
മിന്നൽ പിണിരുകൾ തൂവെൺമയായ് പടരുന്നു.
യെൻ ബാല്യത്തിൻ ഓർമ്മകഞ്ചുകങ്ങൾ പുളകിതയാകുന്നു
ഓട്ടിറമ്പിലൂടെ ഒഴുകിയെത്തുന്ന വെള്ളിനൂലുകൾ
തോരണം തീർത്ത മംഗല്യ വീട് പോലെ
മഴ പവിഴ മല്ലി പൂക്കൾ ആയി പൊഴിയുന്നു
പുതിയ പുള്ളി കുട കിട്ടാൻ മോഹിച്ച്
തല മാത്രം കൈകെട് മറച്ച്
പുള്ളി ഉടുപ്പുകൾ നനയ്ക്കുമ്പോൾ
എന്നെ തഴുകുന്ന ചരൽ പോലെ കൂർത്ത മഴ
ചിന്നം ചിന്നം പെയ്യുന്ന മുടിയഴിച്ചാടുന്ന യക്ഷി മഴ
പവിഴാധരങ്ങളെ ചുംബിച്ചുണർത്തുന്ന
മഞ്ഞുരുക്കുന്ന മഞ്ഞുമഴ
ഉമ്മറ കോലായിൽ ചാരി ഞാൻ
ഇരുന്നപ്പോൾ വേദനയുടെ മഴക്കാലം
ഗതകാലങ്ങളെ മായ്ക്കുന്നു.
മലയിറങ്ങി കുന്നിറങ്ങി പുഴയിറങ്ങി
പോയെൻ കണ്ണീർ മഴ യെൻ പ്രണയമഴ

## TOP PERFORMERS AM (ASSIST TO MEMBER)

1st



**VARGHESE PUTHANANGADY**
**10.5 LAKHS**

2nd



**TIJO THOMAS**
**3 LAKHS**



**RESMI**
TRIVANDRUM

# പ്രണയ പക്ഷം




പുറത്ത് ഓട്ടോയുടെ ശബ്ദം കേട്ടാണ് ഞാൻ ജനൽ കർട്ടൻ മാറ്റി ആരാണെന്നു നോക്കിയത്. വർഷയാണ്, എന്താണാവോ ഈ നേരത്ത്, ഞാൻ പെട്ടന്ന് മനസ്സിൽ ഓർത്തു. വർഷ കാളിങ് ബെൽ അടിക്കുന്നതിനു മുന്നേ ഞാൻ വാതിൽ തുറന്നു. എന്നെ കണ്ടയുടനെ തന്നെ അവൾ എന്നെ കെട്ടിപ്പിടിച്ചു.

എന്തുപറ്റിയെന്ന എന്റെ ആവർത്തിച്ചുള്ള ചോദ്യത്തിന് അവൾ പതിയെ മറുപടി പറഞ്ഞു. അവളും അയാളും തമ്മിൽ അവസാനമായി കണ്ടിട്ട് ഇന്നേക്ക് കൃത്യം ഒരുവർഷം തികഞ്ഞിരിക്കുന്നു. നിറകണ്ണുകളോടെ അത് പറയുമ്പോഴും അവൾ പുഞ്ചിരിക്കാൻ മറന്നിരുന്നില്ല. കേട്ടപ്പോൾ എനിക്ക് അവളോട് സഹതാപവും ദേഷ്യവും തോന്നി. സ്നേഹം കൊണ്ട് പരസ്പരം നിറയ്ക്കുമ്പോൾ എങ്ങനെയാണ് അത് ഒഴിവാക്കാനാവുക.

സ്നേഹത്തിന്റ ലഹരിയിൽ അവൾ അവളെ എങ്ങോ മറന്നു. അവൾ ജീവിതത്തിൽ ആഗ്രഹിച്ച സമയത്ത് കിട്ടാത്ത സ്നേഹം അയാളിൽ നിന്നും കിട്ടിയപ്പോൾ അവൾ അതെങ്ങനെ വേണ്ടെന്നു വയ്ക്കാനാണ്. വീണ്ടും വീണ്ടും കിട്ടിയ സ്നേഹം നഷ്ടപ്പെടാതിരിക്കാൻ എന്ത് വേണമെങ്കിലും പകരം നൽകാൻ അവൾ തയ്യാറുമായി. പക്ഷെ, രണ്ടുപേരും അതിനെ അടക്കാനാവാത്ത പ്രണയം എന്ന് പറഞ്ഞു കൊണ്ടിരുന്നപ്പോൾ അവസാനിപ്പിക്കാൻ പറയാൻ എനിക്ക് പറ്റിയിരുന്നില്ല. പ്രണയത്തിൽ അടിമപ്പെട്ട അവളോട്, അതിലെ ചതി നീ മനസ്സിലാക്കൂ എന്ന് പറയാനും എനിക്ക് കഴിഞ്ഞിരുന്നില്ല. ഉത്സവ സ്ഥലങ്ങളും വിവാഹ മരണ ചടങ്ങുകളും എല്ലാം അവർക്കു പരസ്പരം സ്നേഹം പങ്കുവയ്ക്കാനുള്ള രഹസ്യ ഇടങ്ങളായി മാറിയത് ഞാൻ തിരിച്ചറിഞ്ഞിരുന്നു. എന്നിട്ടും വർഷയെ തടയാൻ എനിക്കായിരുന്നില്ല. ഇപ്പോൾ വെറുതെ കരയുന്നു, ചിരിക്കുന്നു. ഒന്നും ആരോടും പറയാനുമാവുന്നില്ല എന്നത് എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു.


എന്നാൽ അയാളോ?, ലൈംഗികതയുടെ മാസ്മരികത ആസ്വദിക്കാൻ വേണ്ടി മാത്രം അവളെ ഉപയോഗിച്ച് തള്ളിമാറ്റി. അതു കഴിഞ്ഞപ്പോൾ പതിയെ വിളിയുടെ എണ്ണവും സംസാരത്തിന്റെ ദൈർഘ്യവും കുറഞ്ഞു വന്നു, പിന്നെ തീരെ ഇല്ലാതെയുമായി. ആരോടും പറയാതെ ജീവിതത്തിൽ പലതും അവൾക്ക് സഹിക്കേണ്ടി വന്നിട്ടുണ്ട്. ആ അവസ്ഥയിലൊക്കെ കൂടെ താങ്ങായി നിന്നിരുന്ന ഒരാൾ ഇനി കൂടെയില്ല എന്ന യാഥാർഥ്യം കുറച്ചൊന്നുമല്ല അവളെ ഉലച്ചത്. എന്നിട്ടും അയാളെ അവൾ വിശ്വാസത്തിന്റെ നിറകുടമായി കണ്ടു. അയാൾ ചതിച്ചിട്ട് പോയതാണെന്ന് വിശ്വസിക്കാൻ അവൾ തയ്യാറല്ലായിരുന്നു. എപ്പോഴെങ്കിലും അയാൾ തിരിച്ചുവരും എന്നുതന്നെയായിരുന്നു അവൾ ഉറച്ചു വിശ്വസിച്ചിരുന്നത്....

ഇനി എനിക്ക് പറയാനുള്ളത്.... പ്രണയത്തിലെ ചതി എങ്ങനെ മനസിലാക്കാനാണ് എന്നു എങ്ങനെ മറ്റൊരാൾക്ക് പറഞ്ഞു കൊടുക്കണം എന്നു എനിക്കറിയില്ല; നിറഞ്ഞ സ്നേഹം എങ്ങനെ കണ്ടില്ലെന്നു നടിക്കണം എന്നും എങ്ങനെയാണ് പറയാനാവുക. എന്നാലും, എടുത്തുചാടി ഒന്നിനും അടിമപ്പെടരുത്. ഒന്ന് രണ്ടുവർഷമെങ്കിലും കൂടെനിൽക്കട്ടെ, എന്നിട്ടു മതി..... ഇതാണ് എന്റെ പക്ഷം.





**AKSHAY**
EXECUTIVE - TRAINEE
CREDITS






**SILPA C M**
EXECUTIVE TELE CALLING




**PRAMOD T. G**
KODIYERY





**PRAYAG VP**
POOCHATTY



**AJAYDAS V C**
SR. EXECUTIVE
LAP CREDIT & OPERATIONS

# പ്രതീക്ഷ

ഒന്നാകില്ലെന്നറിഞ്ഞിട്ടും,
ഒന്നാകുവാൻ മോഹിച്ച്...

അകലെയാണെങ്കിലും അവൾ,
അരികിലുണ്ടെന്ന് നിനച്ച്...

അവളുടെ വരവും കാത്ത്,
അവളാൽ ഉണരുവാൻ മോഹിച്ച്...

പ്രണയിച്ചു അവൻ...
ആരും മോഹിക്കും വെൺതിങ്കളെ,
ഒന്നു തൊട്ടറിയാതെ,
ഒന്നാവില്ലെന്നറിഞ്ഞ നീറ്റലോടെ...
ഒരിക്കലെങ്കിലും ഒന്നാകുമെന്ന
പ്രതീക്ഷയോടെ....





PETALS of Malankara




**CHAIRMAN'S EVER ROLLING TROPHY**
**BEST BRANCH MAY 2024**
# KUNIYAMUTHUR




## പാചക രംഗം

# Mango Squash

### ആവശ്യമുള്ള സാധനങ്ങൾ

പഴുത്ത മാങ്ങാ തൊലി കളഞ്ഞ് ചെറുതായി അരിഞ്ഞ് മിക്സിയിൽ അരച്ചെടുത്തത് 1 കപ്പ്
പഞ്ചസാര 2 കപ്പ്
വെള്ളം 2 കപ്പ്
കറുവപ്പട്ട 1 കഷ്ണം
ചെറുനാരങ്ങ നീര് 1 ചെറുനാരങ്ങയുടെ
ഉപ്പ് 1 നുള്ള്



MARIYAMA PIOUS
Vice -Chairman

### തയ്യാറാക്കുന്ന വിധം

ചുവട് കട്ടിയുള്ള പാത്രത്തിൽ വെള്ളം ഒഴിച്ച്, സ്റ്റൗവ് കത്തിച്ചതിന് ശേഷം സ്റ്റൗവിൽ വച്ച് അതിലേക്ക് പഞ്ചസാര ഇടുക. അതിലേക്ക് കറുവപ്പട്ട മുഴുവനോടെ ചേർക്കുക. വെള്ളം നന്നായി തിളച്ച് പഞ്ചസാര അലിഞ്ഞതിനു ശേഷം അരച്ചുവെച്ച മാങ്ങയുടെ പൾപ്പ് അതിലേക്ക് ചേർക്കുക. നന്നായി യോജിപ്പിക്കുക. ഇളക്കിക്കൊണ്ടിരിക്കണം. ഒരുവിധം തിളച്ച് കഴിയുമ്പോൾ നാരങ്ങ നീരും ഒരു നുള്ള് ഉപ്പും ചേർത്ത് ഇളക്കുക. കറുവപ്പട്ട എടുത്തു കളയുക. അധികം കട്ടിയാവാൻ പാടില്ല. ആ സമയത്ത് സ്റ്റൗവ് ഓഫ് ചെയ്യുക. ചൂടാറിയതിനു ശേഷം കുപ്പിയിലാക്കി ഫ്രിഡ്ജിൽ സൂക്ഷിക്കുക. സ്ക്വാഷ് റെഡി. അര ഗ്ലാസ് സ്ക്വാഷ് ഒരു ഗ്ലാസ് വെള്ളത്തിൽ ചേർത്ത് കുടിക്കുക.



# சாலை பாதுகாப்பு விழிப்புணர்வு

சாலை விபத்துக்கள் நம்முடைய தேசத்திற்கும், சட்டத்துக்கும் ஒரு பெரும் சவாலாக உள்ளது. சாலை விபத்துக்கள் பற்றிய செய்திகளை தொலைக்காட்சிகள் மூலமாகவும், செய்தித்தாள் மூலமாகவும், தொலைபேசி வாயிலாகவும் அதிகமாக கேள்விப்பட்டு வருகிறோம். அதுவும் இன்றைய சூழலில் அதிகமான சாலை விபத்துக்கள் நடைபெறுகின்றன.

மனிதன் தன்னுடைய தேவைகளை விரைவாக பூர்த்தி செய்வதற்காக கண்டுபிடிக்கப்பட்டது தான் வாகனங்கள். மக்களின் தேவைக்காக கண்டுபிடிக்கப்பட்ட வாகனங்கள் அதற்கு பதிலாக பூமியில் வாழக்கூடிய விலங்குகள் முதல் மனிதர்களின் உயிருக்கு ஆபத்து தரக்கூடியதாக உள்ளது. சாலையில் ஏற்படும் பெரும்பாலான விபத்துக்களுக்கு முக்கியமான காரணம் சாலை விதிகளை மீறுவது தான்.

மனிதர்களின் அலட்சியம் மற்றும் அவசரத்தால் பல உயிர்கள் பாதிக்கப்பட்டு வருகின்றன. சாலைகளில் வண்டியை ஓட்ட வேண்டும் என்ற ஆர்வம் உள்ள பலருக்கு வாகனத்தை எப்படி ஓட்ட வேண்டும் என்று தெரிவதில்லை. இது போன்ற விபத்துக்களை தவிர்ப்பதற்கு சாலை பாதுகாப்பு மிகவும் முக்கியமாகும்.

சாலையில் இருக்கும் போக்குவரத்து சைகை (Traffic Light) நிறங்களை தெரிந்து வைத்திருக்க வேண்டும். சிவப்பு நிற விளக்கு எரிந்தால் வண்டியை நிறுத்த (நில்) வேண்டும். மஞ்சள் வண்ண விளக்கு எரிந்தால் தயாராக (கவனி) இருக்க வேண்டும். பச்சை வண்ண விளக்கு எரிந்தால் புறப்பட (செல்) வேண்டும்.

வாகனங்கள் ஓட்டும் போது தலைக்கவசம் அணிந்து கொள்வது, இருசக்கர வாகனங்களில் இருவருக்கு மேல் பயணம் செய்யாமல் இருப்பது, மது அருந்தி விட்டு வாகனம் ஓட்டாமல் இருப்பதன் மூலம் அதிகமான சாலை விபத்துக்களை தடுக்க முடியும்.


சாலை விபத்துக்களை மீறுவதால் மிகுதியான விபத்துக்கள் ஏற்படுகின்றன. பள்ளிகள் இருக்கும் இடத்தில், மக்கள் நடமாட்டம் அதிகம் உள்ள இடங்களில் வண்டியை மெதுவாக ஓட்டுவதற்கு பதிலாக வேகமாக ஓட்டுவதாலும், சாலை விதிகளை மீறுபவர்களை காவல் துறை தண்டிக்காமல் இருப்பதாலும், மது அருந்தி விட்டு வாகனம் ஓட்டுவதாலும் சாலை விபத்துக்கள் நடைபெறுகின்றன.

மக்களும், காவல் துறையினரும் சாலை விதிகளை சரியாக கடைப்பிடித்தால் சாலையில் நடக்கும் உயிர் ஆபத்துக்களை குறைக்க முடியும்.

சாலை விதிகளை பின்பற்றுவோம் உயிரைக்காப்போம்.




JANARDHANAN
POONKUNNAM



**RADHIKA M**

CRE TRAINEE OTTAPALAM CFC

# വേനൽ മഴ



പടിഞ്ഞാറ് ആകാശം കറുത്തിരുണ്ടു വന്നപ്പോൾ ഉമ്മറക്കോലായിൽ ഇരുന്ന് വെറ്റിലയിൽ ചുണ്ണാമ്പ് തേച്ച് വായിലേക്ക് വച്ച് മുത്തശ്ശി പറഞ്ഞു. ഇന്ന് നേരത്തേ ആണല്ലോ മഴ. പ്രകൃതിയുടെ വരദാനമാണ് മഴ. പടിഞ്ഞാറൻ മാനത്തു കാർമേഘങ്ങൾ ഇരുണ്ടു കൂടുമ്പോൾ ഭൂമിക്കു ആകെ ഒരു ദുഖ ഭാവം മനുഷ്യമനസ്സിനും, നിറകൊണ്ടാ വേനലിലിന്റെ നെറുകയിൽ നിന്നാണ് മഴ വരുന്നത് ...

ആദ്യ മഴയിലുതിരുന്ന മണ്ണിന്റെ ഗന്ധം എന്റെ ഗതകാല സ്മരണകളെ തൊട്ടുണർത്തുന്നു. വർണ്ണ കുടയിലെ കീഴിൽ തുള്ളിച്ചാടി പോയ എന്റെ കുട്ടികാലം! തിമിർത്തുപെയ്ത മഴ ഏറെ ആസ്വദിച്ച, സ്വപ്നങ്ങൾ ഏറെ നെയ്ത കുട്ടികാലം കുട്ടികൾക്ക് അവരെ സ്കൂളിൽ കൊണ്ട് പോകുകയും തിരികെ കൊണ്ടുവരികയും ചെയ്യുന്ന പ്രിയ കൂട്ടുകാരനാണ് മഴ. മഴക്കാലം എത്തുമ്പോൾ പുഴകളിൽ ചെറുമീനുകളെ പിടിക്കാൻ പോകുന്നത് ഒരു ഉത്സവം ആണ്.



താളം മുറുകിക്കേറി തിമിർത്താടുന്ന പഞ്ചവാദ്യം പോലെ മഴ തകർത്തു പെയ്തു. പെയ്തു തീർന്നാലും പിറുപിറുപ്പു മാറാത്ത കവുങ്ങിൻ പട്ടകൾക്കും വാഴത്തലപ്പുകൾക്കും ഇടയിൽ എന്റെ ബാല്യത്തിന്റെ മഴ. കെട്ടി നിൽക്കുന്ന വെള്ളത്തിൽ തുള്ളികളിച്ച് സ്കൂളിലെത്താൻ വൈകുന്നതിന്റെ ഓർമ്മമഴ

മഴയുടെ സംഗീതം ആസ്വദിച്ചു കിടന്നുറങ്ങിയ രാത്രികളെ ഞാനോർക്കുന്നു. രാത്രിമഴ പെയ്തു കഴിഞ്ഞ് പരക്കുന്ന പുലരിവെയിൽ പോലെ പ്രസാദാത്മകമായ മറ്റൊരു ആത്മീയാനുഭവമില്ല.



കടുത്ത വേനൽ മാസത്തിലും മഴ തകർത്തു പെയ്തുകൊണ്ടിരിക്കുന്നു. മണ്ണിന്റെ വിരി തകർത്തു പെയ്ത് കൊണ്ടിരിക്കുന്നു. മണ്ണിന്റെ വിരി മാറിലേക്ക് പെയ്തിറങ്ങിയ ജലകണങ്ങളെ ഭൂമി ആർത്തിയോടെ കുടിച്ചു. മനസ്സുകളിൽ വീശുന്ന കൊടും കാറ്റും വർഷവും കണ്ടിട്ടെന്ന വണ്ണം പ്രകൃതിയും തന്റെ വ്യഥ വിളിച്ചു പറയുന്നെന്നു തോന്നുന്നു.

പുറത്തു നല്ല മഴയാണ്... തണുപ്പുള്ളതുകൊണ്ട് പുറത്തിറങ്ങാൻ വയ്യ. ഇറയത്തു വച്ച പാത്രത്തിൽ മഴത്തുള്ളികൾ താളം പിടിയ്ക്കുന്നത് കണ്ടാസ്വദിച്ച എന്റെ കുട്ടികാലം ഇപ്പോൾ എനിക്ക് വിദൂരമാണ് ബാല്യകാലസ്മരണയിൽ മുത്തശ്ശി അപ്പോൾ ഒരു പത്തുവയസ്സുകാരിയായി പുഞ്ചിരിച്ചു. അപ്പോഴും മുറ്റത്ത് മഴ തകർത്തു കൊണ്ടിരുന്നു.

# നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

PETALS of Malankara

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു.

നിങ്ങളുടെ കലാസൃഷ്ടികൾ 90725 97329 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ

അല്ലെങ്കിൽ media@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.

മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

CONGRATULATIONS!

## ഇ-മാഗസിൻ ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ



ARSHA SAJEEVAN'S GIFT WAS ACCEPTED BY HER SISTER DILSHA



PRAYAG VP 'S GIFT WAS ACCEPTED BY HIS MOTHER SARIGA



GIFT WAS ACCEPTED BY SUREENDRAN

## *MAY* Liability Products

1st

20 Lakhs



PREETHA G D
AREA MANAGER (SOUTH) - BO

2nd

17.5 Lakhs



ASWATHY CHANDRAN
ABM-LIABILITY TVM-BRANCH

3rd

16 Lakhs



VIMISHNA
BC STAFF - THALASSERY